**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 297** **27-06-2022 - ൽ മറുപടിയ്ക്ക്**

**മണ്ണെണ്ണ, ഗോതമ്പ് വിതരണ പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന മണ്ണെണ്ണ, ഗോതമ്പ് എന്നിവയുടെ ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ക്ഷാമം പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ? | (എ) | റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന സബ്സിഡി മണ്ണെണ്ണയുടെ വിഹിതം കേന്ദ്ര സർക്കാർ ഓരോ സാമ്പത്തിക വർഷത്തിലും കുറച്ച് കൊണ്ട് വരുന്ന സ്ഥിതിയാണ് നിലവിൽ ഉള്ളത്. 2020-21 സാമ്പത്തിക വർഷത്തിൽ ഒരു പാദത്തിൽ 9264 KL മണ്ണെണ്ണ ലഭിച്ചുകൊണ്ടിരുന്നതിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തിൽ 6480 KL മണ്ണെണ്ണയായും, 2022-23 സാമ്പത്തിക വർഷത്തിൽ 3888 KL ആയും കുറച്ചിട്ടുണ്ട്. ടി മണ്ണെണ്ണയുടെ കുറവ് കണക്കിലെടുത്ത് 2021-22 സാമ്പത്തിക വർഷം മുതൽ മൂന്ന് മാസത്തിൽ ഒരിക്കലാണ് സംസ്ഥാനത്ത് മണ്ണെണ്ണ വിതരണം നടത്തുന്നത്. 2021 -22 സാമ്പത്തിക വർഷത്തിൽ എല്ലാ AAY, PHH കാർഡുകൾക്കും മൂന്ന് മാസത്തിൽ ഒരിക്കൽ 1 ലിറ്റർ മണ്ണെണ്ണയും NPS, NPNS കാർഡുകൾക്ക് മൂന്ന് മാസത്തിൽ ഒരിക്കൽ 1/2 ലിറ്റർ മണ്ണെണ്ണയും NE കാർഡുകൾക്ക് മൂന്നു മാസത്തിലൊരിക്കൽ 8 ലിറ്റർ മണ്ണെണ്ണയുമാണ് നൽകി വന്നത്.<br>മണ്ണെണ്ണയുടെ വിഹിതം ടി സാമ്പത്തിക വർഷത്തിൽ വീണ്ടും കുറവ് വരുത്തിയ അവസരത്തിൽ വിതരണ രീതി വീണ്ടും മാറ്റം വരുത്തുകയും AAY, PHH, NPS , NPNS എന്നീ നാലു വിഭാഗം കാർഡുകൾക്കും മൂന്ന് മാസത്തിൽ ഒരിക്കൽ 1/2 ലിറ്റർ മണ്ണെണ്ണയും NE കാർഡുകൾക്ക് 6 ലിറ്റർ മണ്ണെണ്ണയും എന്ന അളവിൽ വിതരണം ക്രമീകരിക്കുകയാണ് ഉണ്ടായത്. സംസ്ഥാനത്തിന് ആവശ്യമായ മണ്ണെണ്ണ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് കത്തുകൾ നൽകിയിട്ടുണ്ട്. (05.04.2022 ലെ അർദ്ധ ഔദ്യോഗിക കത്ത് നമ്പർ ഡി.3/22/2022/ഭ.പൊ.വി.വ & 18.05.2022 ലെ ഡി.3/45/2022/ഭ.പൊ.വി.വ). ഇപ്പോൾ ഭക്ഷ്യ ഭദ്രതാനിയമപ്രകാരം അനുവദിച്ചു കൊണ്ടിരുന്ന ടൈഡ് ഓവർ വിഹിതത്തിലെ ഗോതമ്പ്, പ്രതിമാസം |

| | | | |
|---|---|---|---|
| | | | 6459.074 മെ.ടൺ കുറവു ചെയ്ത് ടൈഡ് ഓവർ അരി 6459.074 മെ.ടൺ കൂടുതലായി അനുവദിച്ചിട്ടുണ്ട്. കൂടാതെ പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്നയോജന പദ്ധതി പ്രകാരം മുൻഗണനാ വിഭാഗത്തിന് അധിക വിഹിതമായി ലഭ്യമായിക്കൊണ്ടിരുന്ന ഭക്ഷ്യധാന്യങ്ങളിൽ നിന്ന് ഗോതമ്പ് പൂർണ്ണമായി കുറവു ചെയ്ത് പകരം അരി അനുവദിച്ചിട്ടുണ്ട്. അതായത് പ്രതിമാസം 61670.451 മെ.ടൺ അരിയും 15729.609 മെ.ടൺ ഗോതമ്പുമുൾപ്പടെ ആകെ 77400.06 മെ.ടൺ ധാന്യമനുവദിച്ചിരുന്ന സ്ഥാനത്ത് 77400.06 മെ.ടൺ അരിയാണ് 2022 മെയ് മുതൽ 2022 സെപ്റ്റംബർ വരെയുള്ള മാസങ്ങളിലേക്ക് അനുവദിച്ചിട്ടുള്ളത്. ഗോതമ്പ് കുറവു വരുത്തിയെങ്കിലും പകരം അരി കൂടുതലായനുവദിച്ചിട്ടുള്ളതിനാൽ മൊത്തം അലോട്ട്മെന്റിൽ കുറവു വന്നിട്ടില്ല. ടൈഡ് ഓവർ വിഹിതം ഗോതമ്പ് പുനഃസ്ഥാപിച്ചു നൽകണമെന്നാവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് കത്ത് നൽകിയിട്ടുണ്ട്. (20.05.2022 ലെ അർദ്ധ ഔദ്യോഗിക കത്ത് നമ്പർ 76/ഡി.2/2022/ ഭ.പൊ.വി.വ) |

സെക്ഷൻ ഓഫീസർ